എമ്മാവൂസ്
വചനദൂത്




# ദുക്റാന

ബ്ര. റോബിൻ കോലഞ്ചേരി MCBS

(യോഹ. 20:24 – 29)

Vol. 11, Issue: 1

**ഈ**ശോയിൽ സ്നേഹം നിറഞ്ഞ മാതാപിതാക്കളേ, യുവതീയുവാക്കളേ, കുഞ്ഞുമക്കളേ, ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും സ്നേഹപൂർവ്വം നേരുന്നു.

നമ്മുടെ മണ്ണിൽ വിശ്വാസത്തിന്റെ തലതൊട്ടപ്പനെ ഓർക്കുന്ന ദിനമാണ് ദുക്റാന തിരുനാൾ. ഓരോ ഒളിമ്പിക്സ് വേദിയിലും എപ്പോഴും വെളിച്ചം പരത്തുന്ന ഒരു ദീപനാളമുണ്ട് - ഒളിമ്പിക്സ് ദീപശിഖ. ആ സ്വർണ്ണപ്രകാശമാണ് ഓർമ്മകളുടെ ചെപ്പുകൾ തുറന്ന് ഓരോ കായികതാരത്തിനും കരുത്തും കായികശേഷിയും പകരുക. ആ തിരിനാളം അവിടെ കത്തിച്ചെത്തിക്കുന്നത് മത്സരങ്ങളുടെ മാതൃഭവനമായ ഒളിമ്പിക്സ് ഗ്രാമത്തിൽ നിന്നാണ്. അവിടെ കത്തിനിൽക്കുന്ന കെടാവിളക്കിൽ നിന്നും പകർത്തിയെടുക്കുന്ന ദീപശിഖ കൈമാറി കൈമാറി അവസാനം ഒളിമ്പിക്സ് സ്റ്റേഡിയത്തിലെത്തിക്കുന്നു. ഓരോ കായികതാരത്തിനും ഉണർവ്വ് നൽകിക്കൊണ്ട് അതവിടെ കത്തിജ്വലിച്ചു കൊണ്ടിരിക്കും.

കാൽവരിയിലെ കെടാവിളക്കിൽ നിന്നും കത്തിച്ചെടുത്ത ഒരു ദീപശിഖയുണ്ട്. അതുമായിട്ടാണ് തോമാശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നെത്തിയത്. അതാണ് കൊടുങ്ങല്ലൂർ, പാലയൂർ, കോട്ടക്കാവ്, കോക്കമംഗലം, കൊല്ലം, നിരണം, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിൽ അദ്ദേഹം കൊളുത്തിനിർത്തിയത്. നമ്മുടെ സഭാപിതാവിന്റെ ഓർമ്മകൾ ഇന്നും നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു. ഈ ഓർമ്മദിനം ഓരോ വിശ്വാസിയുടെയും വിശ്വാസവാഗ്ദാന നവീകരണ ദിനമാണ്. തൊട്ടറിഞ്ഞ് വിശ്വസിക്കാനാഗ്രഹിച്ചവന്റെ കെട്ടുപോകാത്ത വിശ്വാസസാക്ഷ്യം നമ്മുടെ വിശ്വാസത്തിന്റെ ഉറപ്പും അതിനോടുള്ള നമ്മുടെ കടമയും ഓർമ്മപ്പെടുത്തുന്നു.

ഒരിക്കൽ ശ്രീബുദ്ധനോട് അദ്ദേഹത്തിന്റെ പ്രിയപ്പെട്ട ശിഷ്യനായ ആനന്ദൻ ചോദിച്ചു: “എനിക്ക് എന്താണ് അങ്ങ് തരിക?” “എല്ലാവർക്കും എന്റെ അങ്കിയാണു വേണ്ടത്. നിനക്ക് ഞാൻ എന്റെ മജ്ജ തരുന്നു” എന്നായിരുന്നു ശ്രീബുദ്ധന്റെ മറുപടി. അതുപോലെ ഗുരുവിന്റെ മജ്ജ സ്വന്തമാക്കിയ ശിഷ്യനാണ് തോമാശ്ലീഹാ. കാരണം, മജ്ജ സ്വന്തമാക്കിയവനേ ഗുരുവിന്റെ ചൈതന്യം പകർന്നുകൊടുക്കാനാവൂ. നാം വായിച്ചുകേട്ട സുവിശേഷഭാഗം വിവരിക്കുന്നതും അങ്ങനെയുള്ള തോമാശ്ലീഹായെയാണ്.

യോഹന്നാന്റെ സുവിശേഷത്തിൽ നാലു തവണ തോമാശ്ലീഹായെക്കുറിച്ച് പറയുന്നുണ്ട്. വലിയ ദൈവശാസ്ത്ര വീക്ഷണത്തിൽ എഴുതപ്പെട്ട നാലാം സുവിശേഷത്തിൽ നാലു തവണ തോമാശ്ലീഹായെക്കുറിച്ച് പറയുന്നതു തന്നെ ആദിമസഭയിൽ തോമാശ്ലീഹായ്ക്കുണ്ടായിരുന്ന പ്രത്യേകസ്ഥാനമാണ് വ്യക്തമാക്കുന്നത്. ഗ്രീക്ക് ഭാഷയിൽ ‘ദിദിമോസ്’ എന്ന അപരനാമത്തിലാണ് തോമസ് അറിയപ്പെട്ടിരുന്നത്. ദിദിമോസ് എന്ന വാക്കിന് ‘ഇരട്ടച്ചങ്കുള്ളവൻ’ അല്ലെങ്കിൽ ‘അസാധാരണ ധീരൻ’ എന്നൊക്കെ അർത്ഥമുണ്ട്. ഈ ധൈര്യമാണ് ‘നമുക്കും അവനോടൊപ്പം പോയി മരിക്കാം’ എന്നു പറയാൻ തോമാശ്ലീഹായെ പ്രേരിപ്പിച്ചത്. നാഥനിലുള്ള വിശ്വാസത്തിനുവേണ്ടി ജീവിക്കാനുള്ള ധൈര്യമാണത്.

ക്രിസ്തുശിഷ്യനുണ്ടായിരിക്കേണ്ട ഏറ്റവും വലിയ

കാര്യമാണ് ക്രിസ്തുവിലുള്ള വിശ്വാസവും ആ വിശ്വാസത്തിനുവേണ്ടി ഏതറ്റം വരെയും പോകാനുള്ള ധൈര്യവും. ഈശോയോടൊപ്പം നിൽക്കുമ്പോഴും മറ്റു ശിഷ്യന്മാർ ശ്രദ്ധിക്കുന്നത് ഈശോയെയല്ല, മറിച്ച് സാഹചര്യങ്ങളെയാണ്. അതുകൊണ്ടാണ് ''അവർ നിന്നെ കല്ലെറിഞ്ഞു കൊല്ലാൻ ആഗ്രഹിക്കുകയാണ്'' എന്നു പറയുന്നത്. പക്ഷേ, തോമാശ്ലീഹാ 'സാഹചര്യങ്ങൾക്കു' പകരം 'ആരുടെ ഒപ്പമാണ് പോകുന്നത്' എന്ന് മനസ്സിലാക്കി. ക്രിസ്തുവിലുള്ള വിശ്വാസത്തിനുവേണ്ടി മരിക്കാനും തയ്യാറായി നിൽക്കുന്ന തോമാശ്ലീഹായെയാണ് നാം ഇവിടെ കാണുക. 'എന്നെ അനുഗമിക്കട്ടെ' എന്ന ക്രിസ്തുവിന്റെ വാക്കുകൾ അന്വർത്ഥമാകുംവിധമായിരുന്നു തോമാശ്ലീഹായുടെ വാക്കുകൾ.

ക്രിസ്തുവിനെ പിന്തുടരുന്ന നമ്മുടെ ജീവിതങ്ങളിലും വിശ്വാസത്തിന്റെ തലത്തിൽ ഒരുപാട് പ്രശ്നങ്ങളും സംശയങ്ങളും എതിരായ സാഹചര്യങ്ങളുമൊക്കെയുണ്ടാകാം. അവയെല്ലാം മറികടന്ന് മുന്നേറാൻ നമുക്കു സാധിക്കണം. വിശ്വാസജീവിതത്തിലെ പ്രശ്നങ്ങളെ നാം കാണേണ്ട രീതിയെക്കുറിച്ചുള്ള ഒരു കഥ ഇപ്പോൾ ഓർമ്മ വരികയാണ്. ഒരിക്കൽ ഒരു യുവാവ് വിശ്വാസ ജീവിതത്തിലെ തർക്കങ്ങളെയും സംശയങ്ങളെയും പ്രതിസന്ധികളെയും കുറിച്ച് സംസാരിച്ച് ഉപദേശം തേടാൻ ഒരു സന്യാസിയുടെ അടുത്തെത്തി. വേദഗ്രന്ഥങ്ങളിൽ മനസ്സിലാക്കാൻ പറ്റാത്തതും സംശയകരവുമായ ഒരുപാടു കാര്യങ്ങൾ കാണപ്പെടുന്നതിനാൽ അവ വിശ്വാസയോഗ്യമാണോയെന്ന് യുവാവ് ചോദിച്ചു. സന്യാസിയാകട്ടെ, ഒന്നും പറഞ്ഞു വാദിക്കാതെ യുവാവിനെ ഭക്ഷണത്തിനു ക്ഷണിച്ചു. ചോറും മീൻകറിയും ധാരാളം വിളമ്പി. ചോറിൽ ഒരു കല്ലു കടിച്ചപ്പോൾ യുവാവ് അത് തുപ്പിക്കളഞ്ഞ് ഭക്ഷണം തുടർന്നു. മീൻ കഴിക്കുന്നതിനിടയിൽ മുള്ളു കണ്ടപ്പോൾ അത് എടുത്തുമാറ്റി ഭക്ഷണം തുടർന്നു. അപ്പോൾ സന്യാസി പറഞ്ഞു: ''സുഹൃത്തേ, സംശയം വരുമ്പോഴും പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടാകുമ്പോഴും ഇതുതന്നെയാണ് ചെയ്യേണ്ടത്. ഭക്ഷണത്തിനിടയിൽ കല്ലും മുള്ളും ഒഴിവാക്കി താങ്കൾ ഭക്ഷണം തുടർന്നു കഴിച്ചതുപോലെ, സംശയങ്ങളും പ്രശ്നങ്ങളും ഒഴിവാക്കി വിശ്വാസത്തിൽ വളരണം. വിഡ്ഢികളാകട്ടെ, കല്ലിനോടും മുള്ളിനോടും പൊരുതി ഭക്ഷണം കഴിക്കാൻ മറന്നുപോകുന്നു.''

ഇപ്രകാരം തന്നെയാണ് വിശ്വാസജീവീതത്തിലെ കാര്യങ്ങളും. പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടാകും. എന്നാൽ, അവയെക്കുറിച്ചു മാത്രം ചിന്തിക്കുന്നവർ ജീവിതം പാഴാക്കുന്നു. ''കർത്താവേ, നീ എവിടേയ്ക്ക് പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?'' എന്നുള്ള തോമാശ്ലീഹായുടെ വാക്കുകളും വിശ്വാസജീവിതത്തെപ്പറ്റിയുള്ളതാണ്. ഗുരുവിലുള്ള വിശ്വാസം തോമാശ്ലീഹായ്ക്ക് ആത്മത്യാഗമായും സത്യത്തിലേയ്ക്കുള്ള വഴി അന്വേഷിക്കുന്ന തീവ്രമായ സ്നേഹമായും മാറിക്കഴിഞ്ഞിരുന്നു. ഈ വിശ്വാസമാണ്, ആഴമേറിയ ഈ സ്നേഹമാണ് ഈശോയുടെ ആണിപ്പഴുതുകൾ കാണണമെന്നും പാർശ്വത്തിൽ കൈവയ്ക്കണമെന്നുമെല്ലാം പറയാൻ കാരണമായിത്തീർന്നത്. ആദ്യം ഉത്ഥിതനായ ഈശോ പ്രത്യക്ഷപ്പെട്ടപ്പോൾ തോമസ് മറ്റു ശിഷ്യന്മാരോടു കൂടെയില്ലായിരുന്നു (യോഹ. 20:24). പിന്നീട്, അവരുടെ കൂടെ അവനുണ്ടായിരുന്നു (യോഹ. 20:26). എല്ലാവരും പുറത്തിറങ്ങാൻ ഭയന്നിരുന്നിടത്ത് തോമാശ്ലീഹാ പുറത്തുപോയിരുന്നു എന്നത് വ്യക്തമാണ്. ഇതാണ് വിശ്വാസത്തിന്റെ പ്രത്യേകത. 'എന്തു സംഭവിക്കും' എന്നതിന് ഇവിടെ പ്രസക്തിയില്ല. ഇവിടെയും 'നമുക്കും അവനോടൊപ്പം പോയി മരിക്കാം' എന്നു പറയുന്നിടത്തും നാം കാണുക 'പ്രവർത്തി കൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണ്' എന്ന വചനത്തിന്റെ അർത്ഥമാണ്.

ഉത്ഥാനം ചെയ്തുവെന്നതിന്റെ തെളിവുകൾ കാണാനും അറിയാനും വേണ്ടി യേശു തോമാശ്ലീഹായെ വിളിക്കുന്നുണ്ട്. സ്നേഹം കൊണ്ടുള്ള ശാഠ്യത്തിനു മുന്നിൽ സ്നേഹവാനായ ദൈവം വന്നുചേരുന്ന കാഴ്ചയാണത്. നമ്മുടെ അന്വേഷണവും ആഗ്രഹവും സത്യമെങ്കിൽ നാം വിശ്വസിക്കുന്ന ദൈവം നമ്മുടെ ജീവിതങ്ങളിലും വരും. വിശ്വാസത്തിൽ അടിസ്ഥാനമില്ലാത്തവരുടെ വിളികൾക്കും ആവശ്യങ്ങൾക്കും മുന്നിൽ ദൈവം പ്രത്യക്ഷനാകണമെന്നില്ല എന്നൊരു മറുവശം കൂടിയുണ്ട്. എന്റെ കർത്താവ് വരും എന്ന് തോമാശ്ലീഹായ്ക്ക് ഉറപ്പുണ്ടായിരുന്നു. അതുകൊണ്ടായിരുന്നിരിക്കണം പിന്നീട് തോമാശ്ലീഹാ മറ്റു ശിഷ്യരോടു കൂടെ കാത്തിരുന്നത്. വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ അല്ലെങ്കിൽ ആഗ്രഹിച്ചാൽ നടക്കും.

ഒരു കൊച്ചുകുട്ടിയുടെ നിഷ്കളങ്കമായ വിശ്വാസത്തെക്കുറിച്ച് ഒരു സംഭവമുണ്ട്. ഒരു കുട്ടി വേദപാഠക്ലാസ്സിൽ നിന്നു വന്നപ്പോൾ അമ്മയോടു ചോദിച്ചു: ''അമ്മേ, വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ മലകൾ വരെ മാറിപ്പോകുമെന്ന് വേദപാഠം പഠിപ്പിക്കുന്ന ടീച്ചർ പറഞ്ഞു, ശരിയാണോ?'' മകന്റെ കണ്ണുകളിലേയ്ക്ക് സൂക്ഷിച്ചു നോക്കിക്കൊണ്ട് അമ്മ പറഞ്ഞു: ''ടീച്ചർ പറഞ്ഞത് ശരിയാണ്?'' കുട്ടിക്കു സന്തോഷമായി. കാരണം, അവന്റെ വീടിനു മുന്നിൽ ഒരു മലയുണ്ട്. അവന് ടൗണിലോ പള്ളി

യിലോ ഒക്കെ പോകാണമെങ്കിൽ ആ മല ചുറ്റിവേണം പോകാൻ. അവൻ, ടീച്ചറും അമ്മയും പറഞ്ഞത് വിശ്വസിച്ച് പിറ്റേദിവസം രാവിലെ സ്കൂളിൽ പോകും മുമ്പ്, വീടിന്റെ മുറ്റത്തു നിന്ന് മലയുടെ നേരെ കൈ നീട്ടി പറഞ്ഞു: ''ഈ മല മാറിപ്പോകട്ടെ.'' മല മാറിപ്പോയില്ല. എന്നാൽ അവൻ പിന്മാറിയില്ല. എല്ലാ ദിവസവും അവൻ അങ്ങനെ ചെയ്തുകൊണ്ടിരുന്നു. മാസങ്ങൾ കഴിഞ്ഞപ്പോൾ അവൻ ഒരു കാഴ്ച കണ്ടു. ആ മലയ്ക്കു ചുറ്റും പണിയായുധങ്ങളുമായി ആളുകൾ, ലോറികൾ എന്നിവ വന്നുനിൽക്കുന്നു. കാരണം, ഗവണ്മെന്റ് തീരുമാനിച്ചു, ആ മല ഇടിച്ചുനിരത്തി അതിലൂടെ റോഡ് പണിയാൻ. വിശ്വാസത്തോടെ പ്രാർത്ഥിച്ചപ്പോൾ ദൈവം ഇറങ്ങിവന്ന് മല മാറ്റിയില്ല. പക്ഷേ, ദൈവത്തിന്റെ ഇടപെടലുണ്ടായി. ഇങ്ങനെ തന്നെയാണ് നമ്മുടെ വിശ്വാസജീവിതങ്ങളിലുമുണ്ടാവുക. ഇടയ്ക്കുവച്ച് പ്രാർത്ഥന നിർത്തിക്കളയരുതെന്നും വിശ്വാസം കളയരുതെന്നും കുട്ടിയുടെ സംഭവം നമ്മെ പഠിപ്പിക്കുന്നു.

ഉത്ഥിതനായ യേശുവിനെ തോമാശ്ലീഹാ തൊട്ടറിഞ്ഞാണ് വിശ്വസിച്ചതെന്ന് നാമെല്ലാവരും പറയുന്നതുപോലെ വചനം സാക്ഷ്യപ്പെടുത്തുന്നില്ല. തോമാശ്ലീഹാ തൊട്ടാണ് വിശ്വസിച്ചതെങ്കിൽ അത് വിശ്വാസമാകുമായിരുന്നില്ല. ''നീ കണ്ടതുകൊണ്ട് വിശ്വസിച്ചു'' എന്നാണ് യേശു പറഞ്ഞത്. അല്ലാതെ, ''നീ സ്പർശിച്ചതുകൊണ്ട് വിശ്വസിച്ചു'' എന്നല്ല. ശരിക്കും തോമസ് മാത്രമല്ല, മറ്റു ശിഷ്യന്മാരും മറിയവും യേശുവിനെ നേരിട്ടു 'കണ്ടതിനു' ശേഷമാണ് വിശ്വസിച്ചത്. ''കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ'' എന്ന് യേശു പറയുന്നത് തോമസിനെയോ മറ്റു ശിഷ്യന്മാരെയോ ഉദ്ദേശിച്ചല്ല. മറിച്ച്, പ്രാധാന്യം കൊടുക്കുന്നത് കാണാതെ വിശ്വസിക്കുന്ന ഭാവിതലമുറകൾക്കാണ് - നമുക്കോരോരുത്തർക്കും വേണ്ടിയാണ്. താൻ ആഗ്രഹിച്ച രീതിയിൽ യേശു പ്രത്യക്ഷപ്പെട്ടപ്പോൾ തോമാശ്ലീഹാ ''എന്റെ കർത്താവേ, എന്റെ ദൈവമേ'' എന്ന (ഏറ്റവും) വലിയ വിശ്വാസപ്രഖ്യാപനമാണ് നടത്തിയത്. യേശുവിലുള്ള അടിയുറച്ച ഈ വിശ്വാസമാണ് യേശുവിനായി മരിക്കാൻ തോമസിനു ശക്തിയായത്.

ജർമ്മനിയിൽ ഹിറ്റ്ലറെയും നാസി പ്രസ്ഥാനത്തെയും വളർത്തിയത് ഹിറ്റ്ലറിന്റെ തന്നെ പ്രസംഗങ്ങളാണ്. ''നിങ്ങൾ ജർമ്മനിക്കും നാസിക്കും വേണ്ടി എന്തുചെയ്തിട്ടുണ്ട്? ഇനി എന്തു ചെയ്യും?'' അദ്ദേഹം ചോദിച്ചു. വലിയ നിശബ്ദത. അദ്ദേഹം ചൊല്ലിക്കൊടുത്തു: ''നിങ്ങൾ ജർമ്മനിക്കും നാസിക്കും വേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യും.'' ഈ ഓർമ്മത്തിരുന്നാൾ ആഘോഷിക്കുമ്പോൾ തോമാശ്ലീഹാ നമ്മോടും ചോദിക്കുകയാണ്: ''ക്രിസ്തുവിനും സഭയ്ക്കും വേണ്ടി നിങ്ങൾ എന്തു ചെയ്തു? ഇനി എന്തു ചെയ്യും?''

കാൽവരിയിൽ രക്തബലി അർപ്പിച്ചവന്, ചിന്നമലയിൽ തന്നെത്തന്നെ ബലിയായി നൽകിയവനാണ് തോമാശ്ലീഹാ. കാൽവരിയിൽ ബലിയർപ്പിച്ച ക്രിസ്തുവിനുവേണ്ടി ജീവിക്കാനുള്ള ഈ മാതൃകയാണ് നമുക്കും തോമാശ്ലീഹായ്ക്ക് ഉത്തരമായി നൽകാനുണ്ടാവേണ്ടത്. 'നമുക്കും അവനോടൊപ്പം പോയി മരിക്കാം' എന്ന തന്റെ വാഗ്ദാനം തോമാശ്ലീഹാ നിറവേറ്റുകയായിരുന്നു.

വിശ്വാസി എന്നതിൽ സ്വയം അഭിമാനിക്കുന്ന നാം വിശ്വാസിയാണോ എന്നു പരിശോധിക്കാൻ തോമാശ്ലീഹായെ മുന്നിൽ നിർത്തിയാൽ മതി. ഈശോ കുരിശിൽ മരിച്ചു; തോമാശ്ലീഹാ കുന്തം കൊണ്ടുള്ള കുത്തേറ്റു മരിച്ചു, ഈശോ കള്ളനെപ്പോലെ കുരിശിൽ തറയ്ക്കപ്പെട്ടു മരിച്ചു; തോമാശ്ലീഹാ ജനദ്രോഹിയെപ്പോലെ മരിച്ചു, ഈശോയെ യഹൂദപ്രമാണികൾ മരണത്തിനേൽപിച്ചു കൊടുത്തു; തോമാശ്ലീഹായെ ഹൈന്ദവ പൂജാരിമാർ മരണത്തിനേൽപിച്ചു കൊടുത്തു.

യേശുവിനെപ്പോലെ മരിക്കാൻ ശിഷ്യനായ തോമാശ്ലീഹായ്ക്ക് ഭാഗ്യമുണ്ടായ ദിവസത്തിന്റെ ഓർമ്മയാണിന്ന്. തോമാശ്ലീഹാ യേശുവിനോട് അത്രയേറെ അനുരൂപപ്പെട്ടതുകൊണ്ടാണ് പ്രസിദ്ധ ചിത്രകാരനായ ലിയനാർഡോ ഡാവിഞ്ചി 'Last Supper' അല്ലെങ്കിൽ 'അന്ത്യ അത്താഴം' എന്ന പ്രസിദ്ധമായ ചിത്രത്തിൽ യേശുവിനോടു ചേർന്നിരിക്കുന്ന തോമാശ്ലീഹായെ വരച്ചുവച്ചിരിക്കുന്നത്. നാമെല്ലാവരും വിശ്വാസം വഴി ദൈവമായ യേശുവിനോട് ചേർന്നിരിക്കാൻ വിളിക്കപ്പെട്ടവരാണ്.

നമ്മോടുള്ള സ്നേഹത്തെപ്രതി ഏതറ്റം വരെയും പോകാൻ തയ്യാറായ ദൈവത്തിന്റെ ബലിയുടെ ഓർമ്മയാണ് ഈ വിശുദ്ധ കുർബാന. നമുക്കുവേണ്ടി ജീവിച്ച്, നമുക്കുവേണ്ടി മരിച്ച ദൈവത്തിലുള്ള ഉറച്ച വിശ്വാസം വിശുദ്ധ കുർബാനയിൽ നാം ഏറ്റുപറയുന്നുണ്ട്. അപ്പം വർദ്ധിപ്പിക്കുന്ന ദൈവത്തോട് ചേർന്നുനിൽക്കാൻ അനേകരുണ്ടാകാം, രോഗസൗഖ്യം സമ്മാനിക്കുന്ന ദൈവത്തനരികെയും അനേകർ തിക്കിത്തിരക്കുന്നുണ്ട്. എന്നാൽ, കുരിശിലേയ്ക്ക് അവൻ നടക്കുമ്പോൾ അറിഞ്ഞുകൊണ്ട് അവനോടൊപ്പം ചേരാൻ എത്രപേരുണ്ട്? അവനിലുള്ള വിശ്വാസത്തെപ്രതി അവനോടൊപ്പം മരിക്കാൻ നമ്മിൽ എത്രപേരുണ്ട്? നമ്മുടെ വിശ്വാസത്തിന്റെ ആഴം ഇത്രയും എത്തുന്നതാണോയെന്ന് നമുക്ക് വിചിന്തനം ചെയ്യാം. ആഴമേറിയ വിശ്വാസാനുഭവത്തിലേയ്ക്ക് കടന്നുചെല്ലാൻ ഈ പരിശുദ്ധ കുർബാന നമ്മെ സഹായിക്കട്ടെ. നിത്യം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.